നിലവാരത്തിലുള്ള പുതിയൊരു ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ശിപാർശ സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) നിലവിൽ വൈറസ് രോഗങ്ങൾ തിരിച്ചറിയുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഉള്ളതിനാൽ ചുരുക്കം ചില പരിശോധനകൾക്ക് മാത്രമേ അന്യസംസ്ഥാനത്തെ ആശ്രയിക്കാറുള്ളൂ.

പടന്നക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രി

7 (2281) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കാസർഗോഡ് ജില്ലയിലെ പടന്നക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രി 100 കിടക്കകയുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

എന്റോസൾഫാൻ രോഗികൾ ഉൾപ്പെടെയുള്ളവർ ചികിത്സ തേടുന്ന ഈ സ്ഥാപനം ഈ വർഷം തന്നെ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ 50 കിടക്കകളോടുകൂടിയ പടന്നക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനും പേവാർഡ്, മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും ആവശ്യമായ സ്ഥലം ലഭ്യമല്ല. ആയതിനാൽ ആശുപത്രി നിർമ്മിക്കുന്നതിനുവേണ്ടി ഹോസ്ദുർഗ്ഗ് താലൂക്കിൽ അഞ്ച് ഏക്കർ സർക്കാർ ഭൂമി അനുവദിച്ച് കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

നഴ്സുമാരുടെ ഒഴിവുകൾ

8 (2282) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആരോഗ്യവകുപ്പ് സ്റ്റാഫ് നഴ്സ് തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ്;

(ബി) ഇതുവരെ എത്ര വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു; എത്ര നിയമനങ്ങൾ നടക്കുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉദ്യോഗക്കയറ്റം, റിട്ടയർമെന്റ്, ദീർഘകാല അവധി എന്നിങ്ങനെ ഉണ്ടായിട്ടുള്ള എത്ര ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്യുവാനുണ്ട്;

(ഡി) തിരുവനന്തപുരം ജില്ലയിലെ വിവിധ ആശുപത്രികളിലും സി.എച്ച്.സി.കളിലും പി.എച്ച്.സി.-കളിലുമായി പുതുതായി എത്ര സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(ഇ) പുതുതായി സൃഷ്ടിച്ച എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പുതുതായി സൃഷ്ടിച്ച എത്ര സ്റ്റാഫ് നഴ്സ് ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 12-11-2013-ൽ

(ബി) 167 ഒഴിവുകൾ, 166 പേർക്ക് നിമയന ഉത്തരവ് നൽകുകയുണ്ടായി.

(സി) തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് -II-ൽനിന്നും സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ ഉണ്ടാകുന്ന 19 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്. റിട്ടയർമെന്റ്, ദീർഘകാല അവധി എന്നിവ മുഖേനയുണ്ടായിട്ടുള്ള ഒഴിവുകളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 147 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഇ) പുതുതായി സൃഷ്ടിച്ച ഒഴിവുകളിൽ സ.ഉ. (എം. എസ്) നമ്പർ. 27/2016/ ആ.കു.വ. തീയതി 02-02-2016 പ്രകാരം വലിയതുറ കോസ്റ്റൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അധികമായി സൃഷ്ടിച്ച അഞ്ച് ഒഴിവുകൾ ഒഴികെ മറ്റുള്ളതെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

ബയോമെഡിക്കൽ വേസ്റ്റ്

9 (2283) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ/സർക്കാർ ആശുപത്രികളിൽ നിന്നും പുറന്തള്ളപ്പെടുന്ന ബയോമെഡിക്കൽ വേസ്റ്റ് സുരക്ഷിതമായല്ല സംസ്കരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പി.എച്ച്.സി./സി.എച്ച്.സി.കളിൽ വേസ്റ്റ് സംസ്കരിക്കുന്ന സംവിധാനങ്ങൾ നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly